"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ശ്രീമതി ശ്രീകല കെ.എസ്., മുൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ (നിലവിൽ അഡീഷണൽ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ, കേരളം) ശ്രീ.അനിൽകമാർ വി., കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യായത്തിലെ മുൻ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ശ്രീമതി അഞ്ജു ആർ., കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ മുൻ സീനിയർ ക്ലർക്ക്, എന്നിവർ ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2373/2025/GEDN തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:-

1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എവിസി) വകുപ്പ്- അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ **AVC-III-2/38/2018** നമ്പർ റിപ്പോർട്ട്
2. ശ്രീ സഫറുള്ള പി, ശ്രീ. അനിൽകുമാർ വി, ശ്രീമതി ശ്രീകല കെഎസ്. ശ്രീമതി അഞ്ജു ആർ ശ്രീ.ഉദയകമാർ.വി എന്നിവർക്ക് നൽകിയ **19/02/2021**-ലെ പൊ.വി-സി**3/165/2019**/പൊ.വി.വ നമ്പർ കാണിക്കൽ നോട്ടീസ്/കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
4. സ.ഉ.(സാധാ)നം.**5491/2022**/പൊ.വി.വ. തീയതി **19/09/2022**

5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/09/2023-ലെ വി.ബി(4)/3030/2020/ഡി.ജി.ഇ നമ്പർ അന്വേഷണ റിപ്പോർട്ട്

6. ശ്രീ.സഫറുള്ള പി., ശ്രീ.അനിൽകുമാർ വി., ശ്രീ.ഉദയകമാർ.വി, ശ്രീമതി സി.ഗിരിജ എന്നിവർക്ക് നൽകിയ 28/02/2025-ലെ പൊ.വി.-ഡിഎ1/135/2023/പൊ.വി.വ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേക്ക് ശ്രീമതി ലയ വൈ. എന്ന എച്ച്എസ്റ്റി (ജീവശാസ്ത്രം) അധ്യാപികയ്ക്ക് സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് ക്രമപ്രകാരമല്ലാത്ത അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ചതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ മുൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ആയിരുന്ന ശ്രീ.സഫറുള്ള പി., സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീ.അനിൽകുമാർ വി. (കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യായത്തിലെ മുൻ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), എന്നിവർക്കെതിരെ കെ.എസ്.ആർ ഭാഗം 111 ചട്ടം 59(ഡി) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനം എടുത്ത് കാരണം കാണിക്കൽ നോട്ടീസും, മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക്, ശ്രീ.ഉദയകമാർ വി., കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ സീനിയർ ക്ലർക്ക് ശ്രീമതി അഞ്ജു ആർ., അഡീഷണൽ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരളം, ശ്രീമതി ശ്രീകല കെഎസ്. (മുൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടം 15 പ്രകാരം അച്ചടക്ക

നടപടി സ്വീകരിക്കാൻ തീരുമാനം എടുത്ത് കുറ്റപത്രവും കുറ്റാരോപണ പത്രിക എന്നിവയും പരാമർശം (2) പ്രകാരം സർക്കാർ നൽകുകയുണ്ടായി. ടി കുറ്റപത്രങ്ങൾക്കും കാരണം കാണിക്കൽ നോട്ടീസുകൾക്കും പരാമർശം (3) പ്രകാരം കുറ്റാരോപിതർ പ്രതിവാദപത്രികകൾ സമർപ്പിക്കുകയുണ്ടായി.

2. ടി പ്രതിവാദപത്രികയിലെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാൽ ടിയാളുകൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും ചട്ടം 15/കെ.എസ്.ആർ ഭാഗം 111 ചട്ടം 59(ഡി) പ്രകാരം നടപടി തുടരുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിനായി പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷനെ (അക്കാഡമിക്) ചുമതലപ്പെടുത്തുകയുണ്ടായി.

3. പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ ശ്രീ.സഫറുള്ള പി. (മുൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ), ശ്രീമതി സി ഗിരിജ, സീനിയർ സൂപ്രണ്ട്, ശ്രീ.ഉദയ കുമാർ വി., സീനിയർ ക്ലർക്ക്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ്, മലപ്പുറം എന്നിവരുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയുണ്ടായതിനാൽ ടിയാളുകൾക്കെതിരെ നടപടിയെടുക്കാനും, കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നിന്നും മനപ്പൂർവ്വമുള്ള വീഴ്ചയോ കാലതാമസമോ വരുത്തിയതായി കണ്ടെത്താത്തതിനാൽ മുൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറായിരുന്ന ശ്രീമതി ശ്രീകല കെ.എസ്., സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീ.അനിൽകുമാർ വി., സീനിയർ ക്ലർക്കായിരുന്ന ശ്രീമതി അഞ്ജു ആർ. എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടിയിൽ അർഹമായ ഇളവ് നൽകാനും ശിപാർശ ചെയ്യുകയുണ്ടായി.

4. തുടർന്ന് ശ്രീ.സഫറുള്ള പി. , ശ്രീ.അനിൽകുമാർ വി., എന്നിവർക്കെതിരെ കെ.എസ്.ആർ. ഭാഗം III റൂൾ 59(ഡി) പ്രകാരമുള്ള അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായി ടിയാളുകളുടെ പ്രതിമാസ

പെൻഷനിൽ നിന്ന് 500/- രൂപ വീതം സ്ഥിരമായി കുറവുചെയ്യുന്നതിനും, ശ്രീ.ഉദയ കുമാർ വി.യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെൻറ് സഞ്ചിത ഫല പ്രാബല്യത്തോടെ തടഞ്ഞുവെയ്ക്കാൻ തീരുമാനമെടുത്തും, സർവീസിൽ നിന്നും വിരമിച്ച മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീമതി സി ഗിരിജക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 59 (ഡി) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുവാൻ തീരുമാനമെടുത്തും പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

5. എന്നാൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയ ഉദ്യോഗസ്ഥർക്കൊപ്പം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലെ ശ്രീ.അനിൽകുമാർ വി.യ്ക്കും (കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ മുൻ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർ ട്ട്, നിലവിലുള്ള ചട്ടങ്ങൾ, എന്നിവയുടെ അടിസ്ഥനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി ലയ വൈ.യക്ക് സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകിയതിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലെ ശ്രീമതി ശ്രീകല കെ.എസ്., ശ്രീ.അനിൽകുമാർ വി., ശ്രീമതി അഞ്ജു ആർ., എന്നിവരുടെ ഭാഗത്തു നിന്നും മനഃപൂർവ്വമുള്ള വീഴ്ചയോ കാലതാമസമോ വരുത്തിയതായി കാണാൻ സാധിച്ചില്ല. പ്രസ്തുത അദ്ധ്യാപികയെ കൊല്ലം ജില്ലയിൽ നിയമിക്കുന്നതിന് മുൻപ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സ്പഷ്ടീകരണം തേടിയിരുന്നെങ്കിലും ആയത് അദ്ധ്യയന വർഷാരംഭത്തിന് മുൻപ് ലഭിച്ചിരുന്നില്ല. കുട്ടികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപികയെ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യം

ഒഴിവാക്കുവാനാണ് പ്രസ്തുത ടീച്ചർക്ക് നിയമനം നൽകാനിടയായത്. നിയമനം നൽകിയ ശേഷവും തുടർ നടപടികളെ സംബന്ധിച്ച നിർദ്ദേശത്തിന് പൊതു വിദ്യാഭ്യാസ ഡയറക്ടറോട് അപേക്ഷിച്ചിരുന്നെങ്കിലും ആയതും ലഭ്യമായിരുന്നില്ല. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, സർക്കാർ എന്നിവിടങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടുള്ള നടപടിക്രമങ്ങൾ സ്വാഭാവികമായും അനുവർത്തിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറേറിൽ നിന്ന് ഉണ്ടായിട്ടുള്ളതെന്നും കാണുന്നു.

6. ഈ സാഹചര്യത്തിൽ ശ്രീമതി ശ്രീകല കെഎസ്. , മുൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ , ശ്രീമതി അഞ്ജു ആർ., മുൻ സീനിയർ ക്ലാർക്ക്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ്, കൊല്ലം എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടർ നടപടികൾ ഒഴിവാക്കി തീർപ്പാക്കികൊണ്ടും, കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യായത്തിലെ മുൻ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.അനിൽകമാർ വി.യ്ക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 59 (ഡി) പ്രകാരം തുടർന്ന അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (6) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസ് റദ്ദ് ചെയ്ത് ടിയാനെതിരെയുള്ള അച്ചടക്ക നടപടിലെ തുടർ നടപടികൾ ഒഴിവാക്കി തീർപ്പാക്കികൊണ്ടും ഉത്തരവാകുന്നു.

7 . ശ്രീ.സഫറുള്ള പി., ശ്രീ.ഉദയ കുമാർ വി. , ശ്രീമതി സി.ഗിരിജ എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി ചട്ടപ്രകാരം തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹേമലത സി കെ

ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എവിസി) വകുപ്പ്, അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ (ഫയൽ നം.ഡി.എ1/135/2023/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by

Dhanya M B

Date: 01-04-2025 11:58:32

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു. പൊതുവിദ്യാഭ്യാസ വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്ക്ക്